പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ 20.10.2011 - ൽ മറുപടിയ്ക്ക്
ചോദ്യം നമ്പർ . **4690**

## സെയിൽ ടാക്സ് രേഖകൾ കടത്തിക്കൊണ്ടുപോയവർക്കെതിരെ നടപടികൾ

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ
(തൃക്കരിപ്പൂർ)

കാസർഗോഡ് ജില്ലയിൽ കോഴി കള്ളക്കടത്തുകാരുടെ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരെ അമർച്ച ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇവിടെ സെയിൽ ടാക്സ് ഓഫീസ് കേന്ദ്രീകരിച്ച് കള്ളക്കടത്തുകാർ സെയിൽസ് ടാക്സ് രേഖകൾ കടത്തിക്കൊണ്ടുപോയ സാഹചര്യത്തിൽ ഇത്തരം പ്രവൃത്തികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

കാസർഗോഡ് ജില്ലയിലെ കോഴിക്കള്ളക്കടത്തുകാരുടെ പ്രവർത്തനങ്ങൾ നികുതി വകുപ്പ് നിരീക്ഷണ വിധേയമാക്കിയിട്ടുണ്ട്. കർണ്ണാടകത്തിന്റെ അതിർത്തി ജില്ലകളിൽ നിന്നാണ് കാസർഗോട്ടേക്ക് കോഴിക്കള്ളക്കടത്ത് നടക്കുന്നത്. കേരളത്തിൽ 12.5 ശതമാനം നികുതി ഈടാക്കുന്ന ഇറച്ചിക്കോഴിക്ക് കർണ്ണാടകത്തിൽ നികുതി ഇല്ലെന്നത് കോഴിക്കള്ളക്കടത്തുകാർക്ക് പ്രചോദനമേകുന്ന വസ്തുതയാണ്. കർണ്ണാടക കാസർഗോഡ് അതിർത്തിയിലെ ചെക്ക്പോസ്റ്റുകൾ നിലവിലില്ലാത്തത് 20 ഓളം ബൈറൂട്ടുകൾ കള്ളക്കടത്തുകാർക്ക് ഒരു അനുകൂല ഘടകമായി നിലകൊള്ളുന്നു. ഇവർക്ക് പൈലറ്റ്, എസ്കോർട്ട എന്നീ സജ്ജീകരണങ്ങൾക്കുപുറമേ നികുതി വകുപ്പ് വാഹനങ്ങളെ സദാസമയവും നിരീക്ഷിച്ച് മൊബൈൽ ഫോൺ വഴി വിവരങ്ങൾ കൈമാറാനും തദ്വാര പിടിയിൽപ്പെടാതെ ലക്ഷ്യസ്ഥാനത്ത് എത്തുവാനും സഹായമാകുന്ന ആൾ ബലവും, സംവിധാനവും ഉണ്ട്. കാസർഗോഡ് ജില്ലയിലെ അംഗീകൃത കോഴിവ്യാപാരികൾ തന്നെയാണ് കള്ളക്കടത്തിനു പിന്നിലും

സജീവമായിട്ടുള്ളത് എന്നതിനുള്ള സൂചനകളും നികുതി വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇത്തരക്കാരെ അമർച്ച ചെയ്യുവാനുള്ള വകുപ്പുതല നടപടിയുടെ ഭാഗമായി വാഹനപരിശോധന ശക്തിപ്പെടുത്തുകയും കോഴിക്കച്ചവട സ്ഥാപനങ്ങളിലും ഫാമുകളിലും നിരന്തര പരിശോധന നടത്തിവരികയും ചെയ്യുന്നു. ഈ നടപടിയുടെ ഫലമായി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷത്തിൽ ഗണ്യമായ വർദ്ധനവ് നികുതി പിരിവിൽ ഉണ്ടായിട്ടുണ്ട്.

ഉത്സവകാലങ്ങളിൽ ഉണ്ടാകാറുള്ള അധിക കോഴിവരവ് നിരീക്ഷിക്കുവാനും നടപടി എടുക്കുന്നതിനും കണ്ണൂർ ജില്ലയിൽ നിന്നുള്ള ഇന്റലിജൻസ് സ്ക്വാഡുകളെ അതിർത്തി നിരീക്ഷണത്തിന് കാസർഗോഡ് ജില്ലയിൽ നിയോഗിക്കാറുണ്ട്. അനധികൃത കോഴിക്കടത്ത് തടയുന്നതിന് സ്വീകരിച്ച നടപടികളുടെ ഭാഗമായി ശ്രീ. ടി.എം.ഫിറോസ്, ടി.എം.പൗൾട്രി ഫാം, കാസർഗോഡ് എന്ന കോഴി വ്യാപാരിയുടെ ഇടപാടുകളും നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം പരിശോധിക്കുകയുണ്ടായി. കണ്ണൂർ ഇന്റലിജൻസ് വിഭാഗത്തിൽ നിന്നുള്ള ഒരു രഹസ്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത് നടത്തിയത്. തുടർന്ന് വ്യാപാരിയുടെ 2010-11, 2011-12 വർഷത്തെ കണക്കുകൾ പരിശോധിക്കുകയും ചില ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തു. അതിന്റെ വെളിച്ചത്തിൽ ഐ.ഒ (ഐ.ബി) കാസർഗോഡ് പ്രസ്തുത വ്യാപാരിക്ക് പിഴ ചുമത്താൻ നിർദ്ദേശിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകുകയുമുണ്ടായി. നോട്ടീസ് കൈപ്പറ്റിയ വ്യാപാരി പ്രസ്തുത ആഫീസിലുള്ള ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥരെ സ്വാധീനിച്ച് നികുതി വകുപ്പിന്റെ ഫയലുകളിൽ നിന്ന് ഇദ്ദേഹത്തെ സംബന്ധിച്ച 45 ഓളം ബില്ലുകൾ കൈക്കലാക്കുകയും പകരം വ്യാജ ബില്ലുകൾ തിരുകി വച്ച് നികുതി വകുപ്പിനെ കബളിപ്പിയ്ക്കുവാൻ ശ്രമം

[illegible] കണ്ടെത്തുകയും മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തതോടൊപ്പം തന്നെ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 855/11 ആയി കേസ്സ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ്സിൽ പോലീസ് അന്വേഷണം പുരോഗമിക്കുന്നു. വകുപ്പുതല നടപടിയുടെ ഭാഗമായി മേൽപ്പടി ആഫീസിലെ 2 സി.ടി.ഐ മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ വ്യാപാരിക്ക് വിൽപ്പന നികുതി നിയമപ്രകാരം 2010-11, 2011-12 എന്നീ സാമ്പത്തിക വർഷത്തിലേയ്ക്ക് മൊത്തം 7 കോടി 16 ലക്ഷം രൂപയുടെ പിഴ ചുമത്തി ഉത്തരവാകുകയും ചെയ്തിട്ടുള്ളതാകുന്നു.

സെക്ഷൻ ഓഫീസർ.